# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2296

## 12-02-2020 ൽ മറുപടിക്ക്

**അടിസ്ഥാനസൗകര്യ വികസനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ**

| ചോദ്യം<br>ശ്രീ. സി. ദിവാകരൻ<br>ശ്രീ. കെ. രാജൻ<br>ശ്രീ. ഇ.കെ.വിജയൻ<br>ശ്രീ. എൽദോ എബ്രഹാം | മറുപടി<br>ഡോ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) സാമ്പത്തികവളർച്ചയുടെ അടിസ്ഥാനമായ അടിസ്ഥാനസൗകര്യ വികസനം ഊർജ്ജിതമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | അടിസ്ഥാനസൗകര്യ വികസനം ഊർജ്ജിതമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും എല്ലാ നിയോജക മണ്ഡലങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ട് നാളിതുവരെ 54,391 കോടി രൂപയുടെ 679 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിന് സുതാര്യതയും ഗുണ നിലവാരവും ഉറപ്പുവരുത്തുന്നതിനായി കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗം, അഡ്മിനിസ്ട്രേറ്റീവ് ഇൻസ്പെക്ഷൻ വിഭാഗം, ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗം എന്നീ വിഭാഗങ്ങളുടെ മേൽനോട്ടത്തിൽ പദ്ധതി നടത്തിപ്പുകളുടെ അവലോകന യോഗങ്ങൾ നടത്തുക വഴി കിഫ്ബി മാനദണ്ഡങ്ങൾക്കനുസൃതമായും, സമയബന്ധിതമായും അവ നടപ്പിലാക്കുന്നു എന്ന് ഉറപ്പു വരുത്തുന്നുണ്ട്. കൂടാതെ, നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടു കൂടി ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗം വളരെ അധികം കണിശമായ രീതിയിൽ പദ്ധതികളുടെ പരിശോധന നടത്തി വരുകയും ചെയ്യുന്നു.<br>കേരളത്തിലെ ദേശീയപാത വികസന പദ്ധതികളിൽ ഭൂമി ഏറ്റെടുപ്പ് പ്രവർത്തികൾക്കായുള്ള ധനലഭ്യത ഒരു വിലങ്ങുതടിയാകുകയും ഇത് പദ്ധതി നിർവ്വഹണത്തിൽ ക്രമാതീതമായ കാലവിളംബം ഉണ്ടാക്കുകയും ചെയ്ത സാഹചര്യത്തിലാണ് കിഫ്ബിയുടെ ധനസഹായംകൂടെ ഉൾപ്പെടുത്തുവാനുള്ള സാധ്യതകൾ തേടിയത്. ഇത്തരത്തിൽ |

| | |
|---|---|
| | നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ സ്ഥലമേറ്റെടുക്കലിനായി വേണ്ടിവരുന്ന തുകയുടെ 25% കിഫ്ബി മുഖേന വഹിക്കുവാൻ സംസ്ഥാന സർക്കാർ തീരുമാനിക്കുകയായിരുന്നു. കേരളത്തിലെ ദേശീയപാതകളുടെ വികസനത്തിന് ഇതൊരു സുപ്രധാന പങ്കുവഹിക്കും. സാമൂഹ്യ സേവന മേഖലകളിൽ ഏറ്റവും മുന്നിട്ടുനിൽക്കുന്ന സംസ്ഥാനമാണ് കേരളം. വിദ്യാഭ്യാസം, ആരോഗ്യം, വൈദ്യുതിവിതരണം എന്നീ മേഖലകളിലെ 154 പദ്ധതികളിലേക്കായി 10,321 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സാമൂഹിക നിലവാര സൂചികകളിൽ തുടർന്നും മെച്ചപ്പെട്ട നില ഉറപ്പുവരുത്തുവാൻ കേരളത്തിന് കിഫ്ബി മുഖേനയുള്ള പ്രവർത്തനങ്ങൾ സഹായകമാകും എന്നതിൽ സംശയമില്ല. |
| (ബി) അടിസ്ഥാനസൗകര്യവികസനത്തിന് രാജ്യാന്തരതലത്തിലെ വായ്പാസാദ്ധ്യതകൾ കൂടുതലായി ഉപയോഗപ്പെടുത്തുമോ; വ്യക്തമാക്കുമോ; | അടിസ്ഥാനസൗകര്യവികസനത്തിന് രാജ്യാന്തരതലത്തിലെ വായ്പാസാദ്ധ്യതകൾ ഉചിതമായി ഉപയോഗപ്പെടുത്തുവാൻ സർക്കാർ ശ്രമിച്ചുവരുന്നു. |
| (സി) കിഫ്ബിക്ക് ലഭിക്കുന്ന ഏറ്റവും ചെലവുകുറഞ്ഞ ഫണ്ട് ഏതാണെന്ന് വെളിപ്പെടുത്തുമോ; | കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടി (സെക്യൂരിറ്റി ബോണ്ട്) യിലൂടെ സമാഹരിച്ച തുകയാണ് നിലവിൽ കിഫ്ബിയുടെ ഏറ്റവും ചെലവുകുറഞ്ഞ ഫണ്ട്. |
| (ഡി) ബാങ്കുകളുടെ കൺസോർഷ്യം മുഖേന വായ്പയെടുക്കുന്നതിന് കിഫ്ബിക്ക് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ? | നിലവിൽ ബാങ്കുകളുടെ കൺസോർഷ്യം മുഖേന വായ്പയൊന്നും തന്നെ കിഫ്ബി ലഭ്യമാക്കിയിട്ടില്ല. പൊതുമേഖലാ ബാങ്കുകളിൽ നിന്ന് വായ്പകൾ ക്ഷണിച്ച സാഹചര്യത്തിൽ കൺസോർഷ്യം മുഖേനയുള്ള വായ്പകളും ക്ഷണിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ